കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുണ്ടേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1552/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി :14-09-2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
മുണ്ടേരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: മുണ്ടേരി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997-ലെ കേരള പഞ്ചായത്ത്രാജ് നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം)

3. കാര്യാലയ പ്രതി

...

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1552/2017.

തീയ്യതി :14-09-2017.

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 215 (4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

മുണ്ടേരി ഗ്രാമപഞ്ചായത്ത് 01-01-2017 മുതൽ 19-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|

| | | |
|---|---|---|
| 20-07-2017 മുതൽ<br>26-07-2017 വരെ | ശ്രീ.ബാബുരാജ് എം. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനൂപ് കെ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലതീഷ് കുമാർ കെ.കെ. | ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ:

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | എ.പങ്കജാക്ഷൻ | 01-04-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | സി.പി. സജീവൻ | 1-04-2016 മുതൽ 22-09-2016 വരെയും<br>01-10-2016 മുതൽ 31-03-2017 വരെയും (ഇൻ ചാർജ്ജ്) |
| | കെ.ദിനേശൻ, അസി സെക്രട്ടറി (ഇൻ ചാർജ്ജ്) | 23-09-2016 മുതൽ 30-09-2016 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | നിജേഷ്.പി. | 01-04-16 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | എം.എൻ.പ്രദീപൻ | 01-04-16 മുതൽ 31-03-17 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | രജനി.എം. | 01-04-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ. | സുജിത്ത് | 01-04-16 മുതൽ 31-03-17 വരെ |
| | പ്രവീൺകുമാർ | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഹരീഷ്.പി. | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവവേദം) | സ്മിജ.എ.പി. | 01-04-16 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജ്ജൻ | ദീപ ജയപാൽ | 01-04-16 മുതൽ 31-03-17 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീജൻ പി. പി. | 01-04-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. ദിനേശൻ | 01-04-16 മുതൽ 31-03-17 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം –1 –പൊതു അവലോകനം | | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം – 2 –വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല | 2-1 |
| 12 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 13 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-3 |
| ഭാഗം –3 –ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | പാലിയേറ്റിവ് പരിചരണം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - അഡ്വാൻസ് നൽകിയിട്ടും മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 15 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - 98,302/- രൂപ അഡ്വാൻസ് തുക നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല | 3-2 |

| | | |
|---|---|---|
| 16 | അംഗൻവാടി ഭക്ഷ്യധാന്യ വിതരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-3 |
| 17 | എൽ പി ജി ഗ്യാസ് - സബ്സിഡി ഇനത്തിൽ നീക്കിയിരിപ്പുള്ള തുക 40,903/- രൂപ തനത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ് | 3-4 |
| 18 | ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-5 |
| 19 | വിനിയോഗ വിവരം ലഭ്യമല്ല 8,34,346/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 20 | ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല | 3-7 |
| 21 | വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അധികം അടവാക്കിയ തുക ക്രമീകരിക്കുന്നില്ല | 3-8 |
| 22 | മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതിന് വിരുദ്ധമായി ധനസഹായം നല്കി- 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 23 | പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-10 |
| 24 | തെരുവു വിളക്കുകൾ – KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നില്ല | 3-11 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - അപാകങ്ങൾ – 49,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 |
| ഭാഗം –4 –പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുക | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |

| | | |
|---|---|---|
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധങ്ങൾ | | |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 36 | RECEIPT AND PAYMENT STATEMENT FOR 2016-17 | അനുബന്ധം-2 |
| 37 | INCOME AND EXPENDITURE STATEMENT FOR 2016-17 | അനുബന്ധം-3 |
| 38 | BALANCE SHEET AS ON 31-03-2017. | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 27-02-2016-ലെ 50/16-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 08-02-2017-ലെ 7/17-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 93,26,900 | 2,72,06,781 |
| വരവ് | 17,15,91,000 | 4,23,26,201 |
| ആകെ | 18,09,17,900 | 6,95,32,982.50 |

| | | |
|---|---|---|
| ചെലവ് | 16,97,07,000 | 4,00,41,486 |
| നീക്കിയിരിപ്പ് | 1,12,10,900 | 2,94,91,496.50 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 08-06-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 26-07-2017 | വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. NREGS അന്തിമ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്കും വാർഷിക ധനകാര്യ പത്രികയും തമ്മിൽ 2.50 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

2. ദുരിതാശ്വാസനിധി പാസ്സ് ബുക്കും റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റും തമ്മിൽ 400/- രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

3. അലോട്ട്മെന്റ് രജിസ്റ്റർ പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റ് 1,12,14,192/- രൂപ വരവ് വന്നത് വാർഷിക ധനകാര്യ പത്രികയിൽ (RP-7) 84,10,644/- രൂപ മാത്രമേ വരവ് വന്നിട്ടുള്ളൂ. വ്യത്യാസം വ്യക്തമാക്കിയിട്ടില്ല.

4. B-7 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5. B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

6. B-12 ഷെഡ്യൂളിലെ ഇൻവെസ്റ്റ്മെന്റിന് ആധികാരികമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിലെ ബാങ്ക് ട്രഷറി അക്കൗണ്ടുകൾ ഒന്നും തന്നെ പൊരുത്തപ്പെടുത്തിയിട്ടില്ല.

8. വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി, തൊഴിൽ നികുതി, ബിൽഡിങ്ങ് പെർമിറ്റ്, പെർമിറ്റ് റഗുലറൈസേഷൻ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9. B-12 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് 1,700/- രൂപ നിക്ഷേപമുണ്ട്. ഇതിന് ആസ്പദമായ രേഖകൾ ലഭ്യമല്ല.

## 1-4 സാമ്പത്തിക വിശകലനം (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 27,20,6781.50 |
| വരവ് | 42,32,6201 |
| ആകെ | 69,532,982.50 |
| ചെലവ് | 4,00,41,486 |
| നീക്കിയിരിപ്പ് | 2,94,91,496.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12101189 | 12101189 | 10614631 | 1486558 | 87.72 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2334096 | 2334096 | 1836748 | 497348 | 78.69 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 10086 | 10086 | 10086 | - | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10471188 | 10471188 | 1739027 | 8732161 | 16.6 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3699987 | 3699987 | 803702 | 2896285 | 21.72 |
| 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 6786936 | 6786936 | 2388507 | 4398429 | 35.19 |
| ലോകബാങ്ക്സഹായം | 0 | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 622 | 8778489 | 8779111 | 8778111 | 1000 | 99.98 |
| ബി.ഫണ്ട് | 0 | 85921 | 85921 | 85921 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 2,56,16,293 | 51 | 1,77,17,761 | 71 | 6 | 39.84 % |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

2016 -17

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 45,02,862 | 47,01,584 | (+) 1,98,722 | 4.22 |
| നികുതിയേതര വരവുകൾ | 9,90,395 | 10,85,532 | (+) 95,137 | 8.76 |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 2,000 | 750 | (-)1,250 | -166 |
| ആകെ | 54,95,257 | 57,87,866 | (+)2,92,609 | |

## 1-8 ക്ഷേമപദ്ധതികൾ

2016-17 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,72,440 | 100 |
| കർഷകതൊഴിലാളി പെൻഷൻ | 56,11,040 | 584 |
| വിധവാ പെൻഷൻ | 1,57,33,200 | 1296 |
| വാർദ്ധക്യകാല പെൻഷൻ | 2,27,47,660 | 2537 |
| വികലാംഗ പെൻഷൻ | 36,28,690 | 353 |
| വിവാഹ ധനസഹായം | 5,40,000 | 18 |
| അവിവാഹിതകളായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 20,20,640 | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-07-2017-ന് 3.40 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹3101 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2006-2007 | LBA (H.Q)/VI/ 8B-463/4 തീയതി 03-11-09 |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-01-2017 | 31-12-2016 | PA5/809/2017 തീയതി 06-02-2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ തൻവർഷ വരവായി 28,86,092/- രൂപയും കുടിശ്ശിക വരവായി 4,35,685/- രൂപയും തൻവർഷ കുടിശ്ശികയായി 4,53,386/- രൂപയും മുൻ വർഷ കുടിശ്ശികയായി 19,375/- രൂപയും ഉണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കുവാൻ ആവശ്യമായ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടിയായി രജിസ്റ്ററുകൾ പൂർത്തിയായിട്ടില്ല എന്നാണ് അറിയിച്ചത്. രജിസ്റ്ററുകൾ പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 തൊഴിൽ നികുതി അപാകതകൾ

എ) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല:

ഗ്രാമപഞ്ചായത്തിലെ തനത് വരുമാനത്തിലെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഓഡിറ്റ് തീയ്യതി വരെ പൂർത്തിയാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ ചോർച്ചയുണ്ടോ എന്നറിയുന്നതിന് വേണ്ടി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ബി) മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല:

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ജലനിധി ഓഫീസിൽ നിന്നും അർദ്ധവർഷ വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പദ്ധതി രേഖകളിലെ അടിസ്ഥാന വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ, ഗ്രാമപഞ്ചായത്തിലെ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും റിട്ടേൺസിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നുണ്ടോ എന്നറിയുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയതിന് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നാണ് അറിയിച്ചത്. തൊഴിൽ നികുതി പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ട്രേഡേർസിന്റെ വാർഡ്തല ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വാർഡ്തല ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിലെ ഡി & ഒ ലൈസൻസ് അനുവദിക്കേണ്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ പദ്ധതി രേഖകളിലെ അടിസ്ഥാന വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലിയേറ്റിവ് പരിചരണം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ - അഡ്വാൻസ് നൽകിയിട്ടും മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, PHC

ഓഡിറ്റ് വർഷം PHC, മുണ്ടേരി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിലെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

| | |
|---|---|
| പദ്ധതി പേര്/നം. | PHC, മുണ്ടേരി - പാലിയേറ്റിവ് പരിചരണം<br>(9/2016-17) |
| അടങ്കൽ | 4,00,000/- (വികസന ഫണ്ട് –ജനറൽ)<br>1,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)<br>------------<br>6,00,000/- |
| ചെലവ് | 3,41,929/- വികസന ഫണ്ട് – ജനറൽ (പാലിയേറ്റീവ് പരിചരണം)<br>1,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം (മെഡിക്കൽ ഉപകരണങ്ങൾ വാങ്ങേണ്ടത്) |

| | |
|---|---|
| | |
| ചെക്ക് നം./തീയതി | 2895882/28-03-2017 |

പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് 1,00,000/- രൂപ KMSCLന് അഡ്വാൻസ് തുക നൽകിയിട്ടുണ്ട്. എന്നാൽ KMSCL നാളിതുവരെ മെഡിക്കൽ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടില്ല. 1,00,000/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ അടിയന്തരമായി വിതരണം ചെയ്യാൻ KMSCL നോട് ആവശ്യപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതം നഷ്ടപരിഹാരം KMSCL നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-2 ഗവ ഹോമിയോ ഡിസ്പെന്സറിക്ക് മരുന്ന് വാങ്ങൽ- 98,302/- രൂപ അഡ്വാൻസ് തുക നൽകിയിട്ടും രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| | |
|---|---|
| പദ്ധതി പേര്/നം. | ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (2/2016-17) |
| അടങ്കൽ | 98,302/- MG/N-R |
| ചെലവ് | 98,302/- MG/N-R |
| ബിൽ നം./തീയതി | 11/2016-17/27-12-2016 |
| ഡി ഡി നം./തീയതി | 917183//21-01-2017 |

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 98,302/- രൂപ ഹോംകോ യ്ക്ക് അഡ്വാൻസ് തുക പദ്ധതി വിഹിതത്തിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ഹോംകോ നാളിതുവരെ മരുന്നുകൾ വിതരണം നടത്തിയിട്ടില്ല. 98,302/- രൂപയുടെ മരുന്നുകൾ അടിയന്തിരമായി വിതരണം

ചെയ്യാൻ ഹോംകോയോട് ആവശ്യപ്പെടേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതം നഷ്ടപരിഹാരം ഹോംകോയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് വിതരണം ചെയ്യാത്ത സാഹചര്യത്തിൽ 98,302/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അംഗനവാടി ഭക്ഷ്യധാന്യ വിതരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

അംഗനവാടികളിൽ കുടിയുള്ള പോഷകാഹാര പദ്ധതിക്കായുള്ളതാണ് പ്രൊജക്ട് 10/2017. ഈ കാലയളവിൽ നിർവഹണ ഉദ്യോഗസ്ഥ ഭൂരിഭാഗവും ഭക്ഷണ സാധനങ്ങൾ വാങ്ങിയിരിക്കുന്നത് റെയ്ഡ്കോ, മാവിലായി (M/s Raidco Kerala Limited) എന്ന സ്ഥാപനത്തിൽ നിന്നാണ്. M/s Raidco Kerala Limited ലാഭം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനവും പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമാണ്. ഭരണ സമിതി തീരുമാന പ്രകാരം പഞ്ചായത്ത് കമ്മറ്റി മേൽ സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് നിർവഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

ഭക്ഷ്യവസ്തുക്കൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിലും നിരക്ക് മാവേലി സ്റ്റോറിലെ നിരക്കിനേക്കാൾ അധികരിക്കാൻ പാടില്ല എന്ന് നം.62393/db/2010/ത.സ്വ.ഭ.വ/13-11-2010, നം.54814/db/ 10/ത.സ്വ.ഭ.വ /04-05-2011 എന്നീ സർക്കുലറുകൾ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഇനങ്ങളിലെ ചെലവ് അനുവദിക്കുമ്പോൾ വില താരതമ്യം ചെയ്യുകയോ വിവരം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയോ അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തു കാണുന്നില്ല. ഓഡിറ്റ് വർഷം റെയ്ഡ്കോ, മാവിലായി ഹാജരാക്കിയ 2016 നവംബർ മാസത്തെ ഇൻവോയ്സ് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാങ്ങിയ ഉൽപന്നം | റെയ്ഡ്കോ നിരക്ക് ഇൻവോയ്സ് പ്രകാരം | സപ്ലൈകോ നിരക്ക് വെബ്സൈറ്റ് പ്രകാരം | അളവ് kg | ആകെ തുക റെയ്ഡ്കോ | ആകെ തുക സപ്ലൈകോ | വ്യത്യാസം |
|---|---|---|---|---|---|---|
| ഗോതമ്പ് നുറുക്ക് | 35 | - | 2,600 | 91,000 | - | - |
| വെളിച്ചെണ്ണ | 115 | 90 | 560 | 64,400 | 50,400 | 14,000 |
| അരി-കുറവ | 34 | 25 | 600 | 20,400 | 15,000 | 5,400 |

| | | | | | | |
|---|---|---|---|---|---|---|
| ചെറുപയർ | 89 | 66 | 345 | 30,705 | 22,770 | 7,935 |
| കടല | 135 | - | 580 | 78,300 | - | - |
| ശർക്കര | 55 | - | 81 | 4455 | - | - |
| ചെറുപയർ പരിപ്പ് | 105 | - | 385 | | 40,425 | - |
| | | | | | ആകെ | 27,335 |

സപ്ലൈകോ/മാവേലി സ്റ്റോറിൽ നിന്നും വാങ്ങൽ നടത്തിയിരുന്ന എങ്കിൽ 27,335/- രൂപ തൻമാസ വൗച്ചർ പ്രകാരം ലാഭിക്കാമായിരുന്നു. ഭാവിയിൽ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ അവലംബിക്കേണ്ടതാണ്.

## 3-4 എൽ പി ജി ഗ്യാസ് - സബ്സിഡി ഇനത്തിൽ നീക്കിയിരിപ്പുള്ള തുക 40,903/- രൂപ തിരിച്ചടക്കുന്നില്ല

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ 33 അങ്കണവാടികളിൽ 32 എണ്ണത്തിനും നിലവിൽ എൽപിജി ഗ്യാസ് കണക്ഷൻ ഉണ്ട്. ഗ്രാമപഞ്ചായത് വർഷാവർഷം തനത്/പ്ലാൻ /മെയിന്റനൻസ് എന്നിവ വകയിരുത്തിയാണ് മുടക്കം കൂടാതെ ഗ്യാസ് ലഭ്യത ഉറപ്പു വരുത്തുന്നത്. വിവിധ എൽപിജി ഗ്യാസ് വിതരണക്കാരിൽ നിന്നും ഡൊമസ്റ്റിക് കണക്ഷനാണ് ICDS പ്രോജക്ടിന് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ സിലിണ്ടർ റീഫിൽ ചെയ്യുമ്പോൾ മുഴുവൻ തുകയാണ് പഞ്ചായത്ത് നൽകുന്നത്. എന്നാൽ ഡൊമസ്റ്റിക് കണക്ഷൻ ആയതിനാൽ വാങ്ങുന്ന/റീഫില്ലിങ് സിലിണ്ടറിന്റെ കേന്ദ്ര ഗവണ്മെന്റ് സബ്സിഡി തുക വിവിധ എൽപിജി ഗ്യാസ് വിതരണക്കാർ 33 അങ്കണവാടികളിലെയും വർക്കർമാരുടെ പേരിലുള്ള ഫ്ലെക്സി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നുണ്ട്. ICDS സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 40,903/- രൂപ നാളിതുവരെ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-5 ദർഘാസ് പത്രപരസ്യം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

മുണ്ടേരി ഗ്രാമപഞ്ചായത്ത് 2016-17 വർഷം ദർഘാസ് പരസ്യം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിന് 01/16-17 പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| |
|---|
| പ്രൊജക്റ്റ് നം 01/16-17പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിങ് ചെലവുകൾ |

| ക്രമ നമ്പർ | പരസ്യ തീയ്യതി | ദിനപത്രം | ബിൽ നമ്പർ | റേറ്റ്/SCM | പരസ്യത്തിന്റ വലിപ്പം SCM | തുക |
|---|---|---|---|---|---|---|
| 1 | 12-12-2016 | ദേശാഭിമാനി | 13/16-17/ 31-12-2016 | 160 | 8x2 | 10,240 |
| 2 | 21-09-2016 | ദി ന്യൂഇൻഡ്യൻ എക്സ്പ്രസ്സ് | 17/16-17/ 31-1-2017 | 150 | 6x8 | 7,200 |
| 3 | 30-12-2016 | ദേശാഭിമാനി | 15/16-17/ 31-01-2017 | 160 | 3x2 | 3,840 |
| 4 | 01-03-2017 | ദേശാഭിമാനി | 32/16-17/ 31-03-2017 | 160 | 10x4 | 19,520 |

01-01-2004-ലെ ജി.ഒ.(പി)01/04/ഐ & പി.ആർ. പ്രകാരം ദർഘാസ് പരസ്യങ്ങൾ മൂന്ന് സെന്റീമീറ്റർ x രണ്ട് കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന് പുറമേ 04-01-2011-ലെ ജി.ഒ.(ആർ.ടി.)01/2011 /പി&എ.ആർ.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതാണ്. ഈ ഇനത്തിൽ അധികച്ചെലവ് വന്നിട്ടുള്ളത് പരിശോധിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 വിനിയോഗ വിവരം ലഭ്യമല്ല **8,34,346/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പദ്ധതികൾക്ക് വേണ്ടി സെക്രട്ടറി 2016-17 വർഷം തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/ പ്രൊജക്ട് നം. | ബിൽനം./ചെക്ക് നം തീയതി | നൽകിയ തുക |
|---|---|---|---|---|
| സെക്രട്ടറി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെഎസ്ഇബി,ഏച്ചൂർ | സമ്പൂർണ്ണ വൈദ്യുതീകരണം (118/17) | 21/16-1/28-02-17 | 1,10,400 |
| സെക്രട്ടറി | സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം | സോഷ്യൽസെക്യൂരിറ്റി മിഷന് തുകനൽകൽ 119/17 | 20/16-1/28-02-17 | 5,00,000 |

| | | | | |
|---|---|---|---|---|
| സെക്രട്ടറി | സെക്രട്ടറി,<br>കണ്ണൂർ ജില്ലാ പഞ്ചായത്ത് | തെരുവ് നായ നിയന്ത്രണം 61/17 | 3/16-17/27-12-16 | 1,00,000 |
| സെക്രട്ടറി | IKM, തിരുവനന്തപുരം | IKM വിഹിതം നൽകൽ 84/17 | 14/16-1/31-12-16 | 38,608 |
| സെക്രട്ടറി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെഎസ്ഇബി ഏച്ചൂർ, ചക്കരക്കൽ | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും 63/17 | 12/16-1/31-12-16<br>2/16-17/30-10-16 | 85,338 |
| | | | ആകെ | 8,34,346 |

വിനിയോഗ വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി ലക്ഷ്യപ്രാപ്തി കൈവരിച്ചു എന്ന് ഉറപ്പു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക 8,34,346/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-7 ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

സർക്കാർ ഉത്തരവ് നമ്പർ 4/2016/ത.സ്വ.ഭ.വ. തീയ്യതി 11.01.2016 പ്രകാരം പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനു വേണ്ടിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഭരണ സമിതി അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശ ഭരണസ്ഥാപനത്തിൻെറ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2016-17 വർഷം ഗുണഭോക്തൃ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അധികം അടവാക്കിയ തുക ക്രമീകരിക്കുന്നില്ല

മുണ്ടേരി ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റി സെക്ഷൻ കൊളച്ചേരിയും സംയുക്തമായി നടത്തിയ പൊതു ടാപ്പ് പരിശോധനയിൽ 85 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായതായി കണ്ടെത്തിയത്. എന്നാൽ 116 ടാപ്പുകളുടെ ബിൽ തുകയാണ് KWA നൽകി വരുന്നത്. ഒരു ടാപ്പിനു വർഷത്തിൽ 5,250/- രൂപ നിരക്കിൽ പ്രതിമാസം 50,750/- രൂപ അടവാക്കി വരുന്നു. സംയുക്ത പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ആദ്യമായി KWA ക്ക് കത്തെഴുതുന്നത് 21-8-2015 തീയ്യതിയിലാണ്. എന്നാൽ പരിശോധന നടത്തിയത് 2016 ഡിസംബർ മാസം മാത്രമാണ്. 2016 നവമ്പർ മാസം വരെയുള്ള ബിൽ തുക മാത്രമേ ഇതു വരെ അടവാക്കിയിട്ടുള്ളൂ.

2016-17-ൽ 116 ടാപ്പുകളുടെ ചാർജ്ജിനത്തിൽ 8 മാസത്തേക്ക് ആകെ 4,06,000/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ 85 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2,97,504/- മാത്രമേ അടവാക്കേണ്ടതുണ്ടായിരുന്നുള്ളൂ. ഈ ഇനത്തിൽ 2016-17 ൽ മാത്രം 1,08,500/- രൂപ അധികം നൽകിയിട്ടുണ്ട്.

സംയുക്ത പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ആദ്യമായി KWA ക്ക് കത്തെഴുതിയ 21-08-2015 തീയ്യതിക്ക ശേഷം സെപ്റ്റംബർ മാസത്തിൽ തന്നെ പരിശോധന നടത്തിയിരുന്നെങ്കിൽ 14 മാസത്തേക്ക് (14x13562) 1,89,868/- രൂപ അധികം അടവാക്കുന്നത് ഒഴിവാക്കാമായിരുന്നു. ആയതിനാൽ KWA യുമായി ബന്ധപ്പെട്ട് പ്രസ്തുത തുക തുടർ ബില്ലുകളിൽ ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യമെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ അഞ്ചരക്കോടിയോളം രൂപ ചെലവഴിച്ച് ജലനിധി പ്രോജക്ടുകൾ നടപ്പിലാക്കിയതിനാൽ 1251 വാട്ടർ ടാപ്പുകൾ നിലവിൽ സ്ഥാപിച്ചതായി പ്രോജക്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള പൊതു ടാപ്പുകളുടെ ആവശ്യകത പുനഃപരിശോധിക്കേണ്ടതും, ആവശ്യമില്ലാത്തവ ഒഴിവാക്കി തനത് ഫണ്ടിന്റെ അധിക ചെലവ് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 മാർഗരേഖയിൽ പ്രതിപാദിച്ചതിന് വിരുദ്ധമായി ധനസഹായം നല്കി- 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 15/17

-(പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിന് ധനസഹായം)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 3,00,000/- (SCP)

ബിൽനമ്പർ - 3/16-17 dt.17-03-2017 – 2,50,000/-

ബിൽനമ്പർ - 5/16-17 dt. 24-03-2017 – 50,000/-

സ.ഉ.(എംഎസ്)നമ്പർ 4/2016/തസ്വഭവ/തിരുവനന്തപുരം/11/1/2016 അനുബന്ധം 15, ഖണ്ഡിക 6-8 പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവർക്ക് മാത്രമേ ആനുകൂല്യം അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പ്രതിപാദിക്കുന്നവർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | മേൽവിലാസം | തുക |
|---|---|---|---|
| 1 | മിതേഷ് കെ | തീർത്ഥം, കൊല്ലൻ ചിറ | 25,000 |
| 2 | നിബിന ടി | കോളിൻമൂല, ഏച്ചൂർ | 50,000 |

| | | | |
|---|---|---|---|
| 3 | റോഷ്ണ കെ | റോഷ്ണ നിവാസ്, ഏച്ചൂർ | 50,000 |
| 4 | സൗരഭ്യ വി | വട്ടവത്തുടിയൻ ഹൗസ്, മുണ്ടേരി | 50,000 |
| 5 | നമിത കെ | പുതിയപുരയിൽ ഹൗസ്, മുണ്ടേരി | 25,000 |
| 6 | അശ്വിൻ കെ സി | എടക്കണമ്പേത്ത്, മുണ്ടേരി | 25,000 |
| 7 | ജിഷ്ണ ലാൽ | ശ്രുതിനിലയം, ഏച്ചൂർ | 25,000 |
| 8 | കെ അശ്വിൻ | ശ്രീശൈലം, ഏച്ചൂർ | 25,000 |
| 9 | ധന്യ ദേവദാസ് | അയ്യപ്പൻമല, ഏച്ചൂർ | 25,000 |
| | | ആകെ | 3,00,000 |

ഇതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/16-17-ന് നൽകിയ മറുപടിയിൽ തുടർവർഷങ്ങളിൽ ഈ നിർദേശം പാലിച്ചു കൊണ്ട് മാത്രമേ ആനുകൂല്യം അനുവദിക്കുകയുള്ളൂ എന്നാണ് വ്യക്തമാക്കിയത്. ആയതിനാൽ തൻവർഷം സർക്കാർ നിർദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-10 പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 135/17 (പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 2,30,000/- (SCP)

ബിൽനമ്പർ - 6/16-17 dt. 28-03-2017 – 2,00,045/-

പട്ടികജാതി കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി താഴെ വിവരിക്കും പ്രകാരം തുക അടവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്നും, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/16-17-ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം KSEB അധികൃതരോട് അയച്ചു തരുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് അറിയിച്ചത്.

| ക്രമ നം. | സ്ഥലം | ഇലക്ട്രിക്കൽ സെക്ഷൻ | തുക | അക്കൗണ്ട് |
|---|---|---|---|---|
| 1 | വലിയ വളപ്പ് പട്ടികജാതി കോളനി | ചാലോട് | 81,780 | SBT, ചാലോട് (67220667454) |
| 2 | കോളിൻമൂല പട്ടികജാതി കോളനി | ഏച്ചൂർ | 1,18,265 | SBT, മേലേചൊവ്വ (67220667862) |
| | ആകെ | | 2,00,045 | |

പ്രവൃത്തി പൂർത്തീകരിച്ച്, വിനിയോഗ സാക്ഷ്യപത്രം സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 തെരുവു വിളക്കുകൾ -KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നില്ല

മുണ്ടേരി ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 55,647/- രൂപയാണ് തെരുവു വിളക്കുകളുടെ ചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നത്. എന്നാൽ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താതെയാണ് പ്രസ്തുത തുക അടവാക്കി വരുന്നത്. ആയതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തവയും ചാർജ്ജ് അടവാക്കാനുള്ള സാധ്യതയുണ്ട്. ആയതിനാൽ എത്രയും പെട്ടെന്ന് KSEB യുമായി ചേർന്ന് തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ - അപാകങ്ങൾ - 49,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 134/17 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 4,25,000/- (SCP)

ബിൽനമ്പർ - 9/16-17 dt. 30-03-2017 – 2,96,400/-

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

A) പ്രിൻസി സുരേശൻ പി, അനുഗ്രഹ്, ഏച്ചൂർ എന്ന വിദ്യാർത്ഥി വിഷൻ സ്കൂൾ ഓഫ് ഏവിയേഷൻ, കൊച്ചി എന്ന സ്ഥാപനത്തിൽ ചേരാൻ പോകുന്നു എന്ന സർടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആണ് ലാപ് ടോപ്പ് അനുവദിച്ചത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-3/16-17-ന് നൽകിയ മറുപടിയോടൊപ്പം ഈ വിദ്യാർത്ഥി വിഷൻ സ്കൂൾ ഓഫ് ഏവിയേഷൻ, കൊച്ചി എന്ന സ്ഥാപനത്തിൽ ഡിപ്ലോമ കോഴ്സിന് പഠിക്കുന്നുണ്ട് എന്ന സർടിഫിക്കറ്റാണ്

ഹാജരാക്കിയത്. സ.ഉ.(സാധാ)നമ്പർ 2464/2016/തസ്വഭവ/തിരുവനന്തപുരം/17-08-2016 പ്രകാരം പോളിടെക്നിക്ക് ഡിപ്ലോമ വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ് ടോപ്പ് അനുവദിക്കാവുന്നത്.

B) രനിൽ കെ, എടക്കണമേത്ത് ഹൗസ്, മുണ്ടേരി എന്ന വിദ്യാർത്ഥി കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിൽ സോഷ്യോളജി ബിരുദത്തിന് രജിസ്റ്റർ ചെയ്തതിൻ പ്രകാരമാണ് ലാപ് ടോപ്പ് അനുവദിച്ചത്. കോളേജിൽ ചേർന്ന് പഠിക്കാത്ത വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/16-17-ന് നൽകിയ മറുപടിയിൽ കണ്ണൂർ യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിൽ ബിരുദ വിദ്യാർത്ഥിയായതിനാലാണ് ലാപ് ടോപ്പ് അനുവദിച്ചത് എന്നാണ് വ്യക്തമാക്കിയത്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിൽ ഏവർക്കും ബിരുദത്തിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ ഈ വിദ്യാർത്ഥി ഇപ്പോഴും പഠനം തുടരുന്നുണ്ടോ എന്നും വ്യക്തമല്ല. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിൽ പഠിക്കുന്നവർക്ക് ലാപ് ടോപ്പ് അനുവദിക്കാമോ എന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ ബിൽ പ്രകാരം പിൻവലിച്ച തുകയിൽ ആകെ 12 വിദ്യാർത്ഥികൾക്ക് ഒന്നിന് 24,700/- രൂപ വിലയുള്ള ലാപ് ടോപ് നൽകിയിട്ടുണ്ട്. മുകളിൽ വിവരിച്ച രണ്ടു പേർക്ക് അനുവദിച്ച 49,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിശദീകരണം നൽകുകയും ചെലവിന് ഉപോൽബലകമായ ഉത്തരവുകൾ ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | പ്രോജക്ടുകളുടെ വിവരം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 0 | 3,10,000 | 3,10,000 | | 3,10,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 1,00,000 | 1,00,000 | | 50,000 | 50,000 |

## 4-2 ഡിപ്പോസിറ്റ് പ്രവർത്തികൾക്ക് മുൻകൂർ നൽകിയ തുക

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | എസ് സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21601131/29-03-2017 | 2,00,045 | 2,00,045 |
| കെഎസ്ഇബി | സമ്പൂർണ്ണ വൈദ്യുതീകരണം | 21601003/28-02-2017 | 1,10,400 | 1,10,400 |

| | | | | |
|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 21600624/05-11-2016 | 71,115 | 71,115 |
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 21600845/13-01-2017 | 14,223 | 14,223 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 4,23,26,201 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 4,00,41,486 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 13,82,048 |

*റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | ഡോ. ഹരീഷ്. പി.,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-2 | 98,302 | ശ്രീ.സി.പി.സജീവൻ, സെക്രട്ടറി |
| 3-6 | 8,34,346 | ശ്രീ.സി.പി.സജീവൻ, സെക്രട്ടറി |
| 3-10 | 3,00,000 | ശ്രീ.കെ.സജീവൻ, അസിസ്റ്റന്റ് സെക്രട്ടറി. |
| 3-13 | 49,400 | ശ്രീ.കെ. സജീവൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 13,82,048 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീവൻ.സി.പി,<br>സെക്രട്ടറി | സെക്രട്ടറി,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത് | ചന്ദ്ര വിലാസ്,<br>ചെറുമാവിലായി,<br>പി.ഒ.മാവിലായി. |
| ഡോ.ഹരീഷ്. പി,<br>മെഡിക്കൽഓഫീസർ,<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത്<br>(പി.എച്ച്.സി) | പുളിയിൽ ഹൗസ്<br>വലിയന്നൂർ,<br>വാരം. പി.ഒ. |
| ശ്രീ.കെ.ദിനേശൻ | അസിസ്റ്റന്റ് സെക്രട്ടറി,<br>മുണ്ടേരി ഗ്രാമപഞ്ചായത്ത് | ഉഷഭവൻ,എളയാവൂർ,<br>വാരം. പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്./സി.9/863/01/21-01-2002 | 3 |
| 2001-02 | എൽ.എഫ്.കെ.എൻ.ആർ/സി.9/1032/03 തീയതി 12-09-2003 | 1 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.1/1246/06 തീയതി 25-01-2007 | 1 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.1/1681/06 തീയതി 09-05-2007 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി1/1610/07 തീയതി 25-08-2008 | 5 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.2/1555/14(5) തീയതി 23-10-2014 | 11 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.2/1555/14(6) തീയതി 23-10-2014 | 13 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/സി2/1187/15 തീയതി 01-09-2015 | 10 |
| 2010-11<br>2011-12 | എൽ.എഫ്.കെ.എൻ.ആർ/സി.2/1555/14(8) തീയതി 23-10-2014 | 8 |
| 2012-13<br>2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.2/247/16 തീയതി 03-03-2016 | 22 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.2/1457/16 തീയതി 08-08-2016 | 13 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി6/2188/16 തീയതി 04-01-2017 | 33 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/1552/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ –670001.
ഫോൺ: 0497 2707698.
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 14-09-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No. KSA/KNR/C6/1552/2017.

Kerala State Audit Department
District Audit Office, Kannur-670001.
Phone : 0497 2707698.
E-Mail :doknr.ksad@kerala.gov.in
Date: 14-09-2017.

Certified that I have audited the Annual Financial Statement of Munderi Grama Panchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Munderi Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT OF MUNDERI GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 27,074,635.50 |
| | Cash | RP-40(a) | 132,146.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,071,080.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 7,600.00 |
| 140000000 | Fees & User Charges | RP-4 | 506,618.00 |
| 150000000 | Sale & Hire Charges | RP-5 | 223,906.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9,209,845.00 |
| 171000000 | Interest Earned | RP-9 | 198,912.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 27,022,030.00 |
| 350000000 | Other Liabilities | RP-36 | 22,800.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 750 |
| 311000000 | Earmarked Funds | RP-29 | 16,842.00 |
| 340000000 | Deposits Received | RP-34 | 51,215.00 |
| 341000000 | Deposit Works | RP-35 | 17,493.00 |
| 350000000 | Other Liabilities | RP-36 | 180,707.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,781,403.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0 |
| 460000000 | Loans, Advances and Deposits | RP-47 | 15,000.00 |

| | | | |
|---|---|---|---|
| Grand Total | | | 69,532,982.50 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,924,822.00 |
| 220000000 | Administrative Expenses | RP-12 | 813,008.00 |
| 230000000 | Operations & Maintenance | RP-13 | 1,082,719.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,327,779.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 11,858,322.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 3,520.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 2,040,299.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | RP-19 | 818,395.00 |
| 255000000 | Maintenance Projects | RP-20 | 2,374,508.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1,000.00 |
| 280000000 | Prior Period Item | RP-26 | -59,655.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,486,298.00 |
| 350000000 | Other Liabilities | RP-36 | 5,300,488.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 230 |
| 272000000 | Depreciation | RP-25 | 0 |
| 340000000 | Deposits Received | RP-34 | 17,424.00 |
| 341000000 | Deposit Works | RP-35 | 2,282.00 |
| 350000000 | Other Liabilities | RP-36 | 1,819,421.00 |
| 410000000 | Fixed Assets | RP-38 | 3,370,062.00 |
| 412000000 | Capital Work In Progress | RP-40 | 2,580,564.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 280,000.00 |
| | Closing Balance | | |
| | Bank | RP-40(b) | 29,421,532.50 |
| | Cash | RP-40(b) | 69,964.00 |
| Grand Total | | | 69,532,982.50 |

# അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF MUNDERI GRAMA PANCHAYAT FOR THE PERIOD FROM 01-04-2016 TO 31-03-2017

| Munderi Grama Panchayat Income & Expenditure Statement<br>For the period from 01-April-2016 to 31-March-2017 | | | |
|---|---|---|---|
| Code | Head Of Account | Schedule | Amount (Rs.) |
| | Income | | |
| 110000000 | Tax Revenue | I-1 | 4,701,584.00 |
| 130000000 | Rental Income from Panchayat Properties | I-3 | 54,136.00 |
| 140000000 | Fees & User Charges | I-4(b) | 608,578.00 |
| 150000000 | Sale & Hire Charges | I-5(b) | 223,906.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 87,793,229.00 |
| 171000000 | Interest Earned | I-8 | 198,912.00 |
| 180000000 | Other Income | I-9 | 750 |
| A | Total-Income | | 93,581,095.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 8,856,135.00 |
| 220000000 | Administrative Expenses | I-11(b) | 813,523.00 |
| 230000000 | Operations & Maintenance | I-12(b) | 1,082,719.00 |
| 240000000 | Interest & Finance Charges | I-13 | 230 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme - Productive Sector | I-14 | 9,033,816.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 15,860,209.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 3,520.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | 2,787,740.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 50,559,025.00 |
| 255000000 | Maintenance Projects | I-14(e) | 2,374,508.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 1,000.00 |
| 272000000 | Depreciation | I-17(a) | 3,858,143.00 |
| B | Total-Expenditure | | 95,230,568.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | (1,649,473.00) |
| D=280000000 | Prior Period Item | I-18 | (186,763.00) |
| E = C- D 290000000 | Gross Surplus/Deficit of Income over Expenditure after prior period items. Transfer to Reserve Funds | | (1,462,710.00) |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

## അനുബന്ധം-4

# BALANCE SHEET OF MUNDERI GRAMA PANCHAYAT AS ON 31-03-2017

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 19207816 |
| 311000000 | Earmarked Funds | B-2 | 44446 |
| 312000000 | Reserves | B-3 | 34770567 |
| | Total Reserve& Surplus | | 54022829 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 3709761.5 |
| | Total Grants,Contributions for specific purposes | | 3709761.5 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 451454 |
| 341000000 | Deposit Works | B-8 | 15211 |
| 350000000 | Other Liabilities | B-9 | 960257 |
| | Total Current Liabilities and Provisions | | 1426922 |
| | TOTAL LIABILITIES | | 59159512.5 |
| | ASSETS | | |
| | Current Liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0 |
| | Total Current Liabilities and Provisions | | 0 |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 37785062 |
| 411000000 | Accumulated Depreciation | B-11 | (9564416.00) |
| 412000000 | Capital Work In Progress | B-11(a) | 799084 |
| | Total Fixed Assets | | 29019730 |
| | Investments | | |
| 420000000 | Investments | B-12 | 1700 |
| | Total Investments | | 1700 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 446386 |
| 450000000 | Cash and Bank balance | B-17 | 29491496.5 |
| 460000000 | Loans, Advances and Deposits | B-18 | 200200 |
| | Total Current Assets,Loans and Advances | | 30138082.5 |
| | TOTAL ASSETS | | 59159512.5 |